**C 41674** (Pages : 8) Name.......................................

Reg. No...................................

## P.G. / INTEGRATED P.G. ENTRANCE EXAMINATION, APRIL 2023

### MALAYALAM LANGUAGE AND LITERATURE

Time : Two Hours Maximum : 100 Marks

### Part A

താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.

1. "എഴുത്തോ നിന്റെ കഴുത്തോ എറെക്കൂറേതിനോട്
എന്നു ചോദിച്ചൊരുവൻ എന്നരികിൽ വരും മുമ്പെ
എന്റെ ദൈവമേ, നീ ഉണ്മയെങ്കിൽ എന്നെ
കെട്ടിയെടുത്തേക്ക് നരകത്തിലെങ്കിലങ്ങോട്ട്"
—ആരുടെ വരികൾ ?
   - (a) കെ. സച്ചിദാനന്ദൻ.
   - (b) കടമ്മനിട്ട രാമകൃഷ്ണൻ.
   - (c) ആറ്റൂർ രവിവർമ്മ.
   - (d) എം. ഗോവിന്ദൻ.

2. "എന്തിനു ഭാരതധരേ ! കരയുന്നു ? പാര-
തന്ത്ര്യം നിനക്ക് വിധികല്പിതമാണ് തായേ"
—ആരുടെ വരികൾ ?
   - (a) ബോധേശ്വരൻ.
   - (b) പി. കുഞ്ഞിരാമൻനായർ.
   - (c) കുമാരനാശാൻ.
   - (d) വള്ളത്തോൾ.

3. "എണ്ണീടാത്തൊരു പുരുഷായുസ്സിനി-
വെണ്ണീറാകാം, പുകയാകാം.
പൊലിമയൊടെങ്ങും പൊങ്ങുക പുത്തൻ
തലമുറയേന്തും പന്തങ്ങൾ"
—ആരുടെ വരികൾ ?
   - (a) വയലാർ.
   - (b) ഏഴാച്ചേരി രാമചന്ദ്രൻ.
   - (c) വൈലോപ്പിള്ളി.
   - (d) സച്ചിദാനന്ദൻ.

Turn over

4. "അരിയില്ല, തിരിയില്ല, ദുരിതമാണെന്നാലും
നരി തിന്നാൽ നന്നോ മനുഷ്യന്മാരെ !
—ആരുടെ വരികൾ ?
   (a) എ. അയ്യപ്പൻ.   (b) ഡി. വിനയചന്ദ്രൻ.
   (c) ഇടശ്ശേരി.   (d) അക്കിത്തം.

5. "വില്പനയ്ക്ക് ചരക്കുകളും പേറി
വില്പനക്കാർ വരുന്നു ; പോകുന്നു,
തങ്ങളെത്തന്നെ വില്ക്കുന്നു, വീണ്ടും
തങ്ങൾതന്നെ വിലപേശി നില്പൂ"
—ആരുടെ വരികൾ ?
   (a) ഡി. വിനയചന്ദ്രൻ.   (b) എൻ. എൻ. കക്കാട്.
   (c) അയ്യപ്പപ്പണിക്കർ.   (d) ചെമ്മനം ചാക്കോ.

6. "എന്റെ ഹൃദയത്തിന്റെ സ്ഥാനത്ത് ഒരു പൂവുണ്ടായിരിക്കും
ജിജ്ഞാസയുടെ ദിവസങ്ങളിൽ പ്രേമത്തിന്റെ
ആത്മതത്വം പറഞ്ഞു തന്നവളുടെ ഉപഹാരം"
—ആരുടെ വരികൾ ?
   (a) ശ്രീകുമാർ കരിയാട്.   (b) എ. അയ്യപ്പൻ.
   (c) ദേശമംഗലം രാമകൃഷ്ണൻ.   (d) എസ്. ജോസഫ്.

7. "സ്നേഹിക്കയുണ്ണീ നീ നിന്നെ ദ്രോഹിക്കുന്ന ജനത്തെയും
ദ്രോഹം ദ്വേഷത്തെ നീക്കിടാ സ്നേഹം നീക്കിടുമോർക്ക നീ !
—ആരുടെ വരികൾ ?
   (a) കുമാരനാശാൻ.   (b) ഉള്ളൂർ എസ്. പരമേശ്വരയ്യർ.
   (c) പി. കുഞ്ഞിരാമൻനായർ.   (d) വള്ളത്തോൾ.

8. "നിൻ കുടിയൊഴിഞ്ഞീടണ മീഞ്ഞാൻ
നിൻ കുടിയൊഴിപ്പിക്കുമല്ലെങ്കിൽ"
—ആരുടെ വഴികൾ ?
   (a) സുഗതകുമാരി.   (b) ഇടശ്ശേരി ഗോവിന്ദൻ നായർ.
   (c) ഒളപ്പമണ്ണ.   (d) വൈലോപ്പിള്ളി.

9. "നല്ലതു വല്ലോം മോഷ്ടിച്ചാലുടനേ-അവനേ

വെറുതേ കള്ളനാക്കും നിങ്ങടെ ചട്ടം

മാറ്റുക മാറ്റുക ചട്ടങ്ങളെയവ

മാറ്റും നിങ്ങളെയല്ലെങ്കിൽ"

–ആരുടെ വരികൾ ?

(a) കുമാരനാശാൻ.
(b) അയ്യപ്പപ്പണിക്കർ.
(c) കുരീപ്പുഴ ശ്രീകുമാർ.
(d) കെ.ആർ. ടോണി.

10. "ഇല്ല സാമ്രാജ്യത്വവുമില്ലടിമത്തവു-

മില്ല മാത്സര്യവും മൂഷികരിൽ !

നിങ്ങൾക്കിതൊന്നും മനസ്സിലാകുന്നില്ല,

നിങ്ങളെലികളോ, മാനുഷരോ ?"

–ആരുടെ വരികൾ ?

(a) പുനലൂർ ബാലൻ.
(b) കരൂർ ശശി.
(c) വിജയലക്ഷ്മി.
(d) എൻ.വി. കൃഷ്ണവാര്യർ.

11. ജീവിതം യൗവനതീക്ഷ്ണവും ഹൃദയം പ്രേമസുരഭിലവുമായിരിക്കുന്ന ഈ അസുലഭ കാലഘട്ടത്തെ എന്റെ പ്രിയ സുഹൃത്ത് എങ്ങനെ വിനിയോഗിക്കുന്നു ? ഏത് കഥയിലേതാണ് ഈ ചോദ്യം ?

(a) മുരുകൻ എന്ന പാമ്പാട്ടി.
(b) പ്രേമലേഖനം.
(c) പ്രഭാതം മുതൽ പ്രഭാതം വരെ.
(d) ആർക്കും വേണ്ടാത്ത കണ്ണ്.

12. എന്റെ പേരെന്താ നാണ്വായരേ ? ഞാനാരാ നാണ്വായരേ ? ഏത് കഥയിലേതാണ് ഈ ചോദ്യം ?

(a) മേൽവിലാസമില്ലാത്തവർ.
(b) കഥാപാത്രങ്ങളില്ലാത്ത വീട്.
(c) പ്രഭാതം മുതൽ പ്രഭാതം വരെ.
(d) വിസ്മയ ചിഹ്നങ്ങൾ.

13. മുടിത്തെയ്യമുറയുമ്പോൾ എന്ന കഥയുടെ കർത്താവ് :

(a) എസ്. സിതാര.
(b) ചന്ദ്രമതി.
(c) കെ. ആർ. മീര.
(d) സാറ ജോസഫ്.

14. മാനാഞ്ചിറ എന്ന ചെറുകഥയുടെ കർത്താവ് :

(a) വി.കെ.എൻ.
(b) യു.കെ. കുമാരൻ.
(c) ഇന്ദു മേനോൻ.
(d) കെ. രേഖ.

15. അമ്മ എന്നോടു പറഞ്ഞ നുണകൾ എന്ന ചെറുകഥയുടെ കർത്താവ് :

(a) അഷിത.
(b) കെ. സരസ്വതിയമ്മ.
(c) ലളിതാംബിക അന്തർജ്ജനം.
(d) മാധവിക്കുട്ടി.

16. നീലവെളിച്ചം എന്ന ചെറുകഥയുടെ കർത്താവ് :

(a) കോവിലൻ.
(b) എസ്. കെ. പൊറ്റെക്കാട്.
(c) തകഴി ശിവശങ്കരപ്പിള്ള.
(d) വൈക്കം മുഹമ്മദ് ബഷീർ.

17. സർക്കസ് പശ്ചാത്തലമായുള്ള എം.ടി. വാസുദേവൻനായരുടെ ചെറുകഥ :

(a) നിന്റെ ഓർമ്മയ്ക്ക്.
(b) വളർത്തുമൃഗങ്ങൾ.
(c) ഇരുട്ടിന്റെ ആത്മാവ്.
(d) അജ്ഞാതന്റെ ഉയരാത്ത സ്മാരകം.

18. ഒരിക്കൽ മനുഷ്യനായിരുന്നു എന്ന കഥാസമാഹാരത്തിന്റെ കർത്താവ് :

(a) ഉറൂബ്.
(b) എൻ.പി. മുഹമ്മദ്.
(c) കോവിലൻ.
(d) മുണ്ടൂർ കൃഷ്ണൻകുട്ടി.

19. ചങ്ങമ്പുഴയെ മലയാളത്തിലെ ഓർഫ്യൂസ് എന്ന് വിശേഷിപ്പിച്ചത് ആര് ?

(a) എം.ലീലാവതി.
(b) എസ്. കെ. നായർ.
(c) കേസരി എ. ബാലകൃഷ്ണപിള്ള.
(d) അയ്യപ്പപ്പണിക്കർ.

20. "ഈ കപടലോകത്തിൽ എൻ കാപട്യം
ഏവരും കാണ്മതാണെൻ പരാജയം"
–എന്ന് എഴുതിയ കവി.

(a) ചങ്ങമ്പുഴ.
(b) ഇടപ്പള്ളി രാഘവൻ പിള്ള.
(c) ഇടശ്ശേരി ഗോവിന്ദൻ നായർ.
(d) കുഞ്ഞുണ്ണി.

21. പി. കുഞ്ഞിരാമൻനായരെക്കുറിച്ച് ഡി. വിനയചന്ദ്രൻ എഴുതിയ കവിത :

(a) കായിക്കരയിലെ കടൽ.
(b) സമസ്ത കേരളം പി.ഒ.
(c) മേഘരൂപൻ.
(d) കളിയച്ഛൻ.

22. പോഞ്ഞിക്കര റാഫിയും സെബീന റാഫിയും ചേർന്നെഴുതിയ ദാർശനിക ഗ്രന്ഥം :

(a) ഒരാ പ്രൊ. നോബിസ്.
(b) കലിയുഗം.
(c) വേറാക്കൂറ്.
(d) ചവിട്ടു നാടകം.

23. നാലപ്പാട്ട് നാരായണ മേനോൻ എഴുതിയ വിലാപകാവ്യം :

(a) ബധിര വിലാപം.
(b) ഒരു വിലാപം.
(c) കണ്ണുനീർത്തുള്ളി.
(d) പ്രരോദനം.

24. കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ടു സ്ത്രീകളുടെ കത എന്ന കൃതി ഏത് സാഹിത്യവിഭാഗത്തിൽ പെടുന്നു ?

(a) ചെറുകഥ. (b) ആത്മകഥ.

(c) ജീവചരിത്രം. (d) നോവൽ.

25. അച്ചടി മലയാളം നാടു കടത്തിയ കവിതകൾ എന്ന സമാഹാരത്തിന്റെ കർത്താവ് :

(a) സിന്ധു കെ. വി. (b) ടി.പി. വിനോദ്.

(c) സുകുമാരൻ ചാലിഗദ്ധ. (d) കുഴൂർ വിത്സൻ.

26. കുറുപ്പില്ലാക്കളരി ഏത് വിഭാഗത്തിൽപ്പെട്ട കൃതിയാണ് ?

(a) കായികവിദ്യ. (b) മർമ്മചികിത്സ.

(c) വർത്തമാനകാല രാഷ്ട്രീയം. (d) പ്രഹസനം.

27. കോവിലൻ എന്ന എഴുത്തുകാരന്റെ യഥാർത്ഥനാമം :

(a) എ.കെ. അയ്യപ്പൻ. (b) വി.വി. അയ്യപ്പൻ.

(c) കെ. അയ്യപ്പൻ. (d) കെ.വി. അയ്യപ്പൻ.

28. എന്റെ കഥ എന്ന ആത്മകഥാഗ്രന്ഥത്തിന്റെ കർത്താവ് :

(a) സുഗതകുമാരി. (b) ലളിതാംബിക അന്തർജ്ജനം.

(c) മാധവിക്കുട്ടി. (d) രാജലക്ഷ്മി.

29. രാജ്യസമാചാരം എന്ന ആനുകാലികത്തിന്റെ സ്ഥാപകൻ :

(a) കണ്ടത്തിൽ വറുഗീസ് മാപ്പിള. (b) കെ.പി. കേശവമേനോൻ.

(c) ബെഞ്ചമിൻ ബെയ്‌ലി. (d) ഡോ. ഹെർമ്മൻ ഗുണ്ടർട്ട്.

30. സമത്വവാദി എന്ന നാടകത്തിന്റെ കർത്താവ് :

(a) ജി. ശങ്കരപ്പിള്ള. (b) പി.ജെ. ആന്റണി.

(c) പുളിമാന പരമേശ്വരൻ പിള്ള. (d) സി. എൻ. ശ്രീകണ്ഠൻ നായർ.

31. കുടുക്ക അഥവാ വിശക്കുന്നവന്റെ വേദാന്തം എന്ന നാടകത്തിന്റെ കർത്താവ് :

(a) പി.എം. താജ്. (b) സിവിക് ചന്ദ്രൻ.

(c) കെ.ജെ. ബേബി. (d) ജോസ് ചിറമൽ.

32. പൈക്കിന്റോ എന്ന നിലവിളി ഏത് നാടകത്തിലേതാണ് ?

(a) സൃഷ്ടി. (b) ഏഴിനും മീതെ.

(c) സ്പാർട്ടക്കസ്. (d) നാടുഗദ്ദിക.

33. രോഗം ഒരു കുറ്റമാണോ ഡോക്ടർ എന്ന ചോദ്യം ഉന്നയിക്കുന്ന നാടകം :

(a) പുതിയ ആകാശം പുതിയ ഭൂമി. (b) അശ്വമേധം.

(c) തുലാഭാരം. (d) മുടിയനായ പുത്രൻ.

34. ദി മാസ്ക് അഥവാ അഭിനന്ദനങ്ങൾ കൊണ്ട് എങ്ങനെ വിശപ്പു മാറ്റാം എന്ന നാടകത്തിന്റെ കർത്താവ് :

(a) കരിവെള്ളൂർ മുരളി. (b) ജയപ്രകാശ് കുളൂർ.

(c) വി.കെ. പ്രഭാകരൻ. (d) സതീഷ് കെ. സതീഷ്.

35. ഖസാക്കിന്റെ ഇതിഹാസം എന്ന നോവലിന്റെ നാടകഭാഷ്യം സംവിധാനം ചെയ്തത് :

(a) എസ്. രാമാനുജം. (b) അഭിലാഷ് പിള്ള.

(c) കെ.വി. ശ്രീജ. (d) ദീപൻ ശിവരാമൻ.

36. മലയാളത്തിലെ ആദ്യത്തെ എക്സ്പ്രഷനിസ്റ്റ് നാടകം എന്ന് വിശേഷിപ്പക്കപ്പെട്ട കൃതി :

(a) അവനവൻ കടമ്പ. (b) തുലാഭാരം.

(c) ഭഗ്നഭവനം. (d) സമത്വവാദി.

37. കൂട്ടുകൃഷി എന്ന നാടകത്തിന്റെ കർത്താവ് :

(a) തകഴി ശിവശങ്കരപിള്ള. (b) ഇടശ്ശേരി ഗോവിന്ദൻ നായർ.

(c) പൊൻകുന്നം വർക്കി. (d) കെ. ദാമോദരൻ.

38. പതിനെട്ടാം കൂറ്റുകാർ എന്ന കുടുംബത്തെ അവതരിപ്പിക്കുന്ന മലയാള നോവൽ ഏത് ?

(a) മാർത്താണ്ഡവർമ്മ. (b) സുന്ദരികളും സുന്ദരന്മാരും.

(c) ഫ്രാൻസിസ് ഇട്ടിക്കോര. (d) ആയുസ്സിന്റെ പുസ്തകം.

39. പകിടകളി വിദഗ്ദ്ധനായ കോന്തുണ്ണി നായർ എന്ന കർഷകനെ അവതരിപ്പിക്കുന്ന നോവൽ :

(a) ഒരു തെരുവിന്റെ കഥ. (b) തോറ്റങ്ങൾ.

(c) നാലുകെട്ട്. (d) സുന്ദരികളും സുന്ദരന്മാരും.

40. എതിര് ആരുടെ ആത്മകഥയാണ് ?

(a) എം. കുഞ്ഞാമൻ. (b) കേശവദേവ്.

(c) ഇ.കെ. നായനാർ. (d) സി. കേശവൻ.

41. മയൂഖം എന്ന വാക്കിന്റെ അർത്ഥം :

(a) മയിൽ. (b) മേഘം.

(c) സൂര്യരശ്മി. (d) ജലധാര.

42. കർണ്ണികാരം എന്ന വാക്കിന്റെ അർത്ഥം :

(a) കണ്ണ്. (b) നേത്രരോഗം.

(c) കൊന്നപ്പൂവ്. (d) വെണ്ണ.

43. ജിജ്ഞാസ എന്ന വാക്കിന്റെ അർത്ഥം :

(a) വിശപ്പ്. (b) ദാഹം.

(c) അറിയുവാനുള്ള ആഗ്രഹം. (d) ക്ഷീണം.

44. പച്ച, കത്തി, കരി, താടി എന്നിങ്ങനെ കഥാപാത്രങ്ങളെ വർഗ്ഗീകരിച്ചിട്ടുള്ള കലാരൂപം :

(a) മോഹിനിയാട്ടം. (b) ചാക്യാർകൂത്ത്.

(c) പാഠകം. (d) കഥകളി.

45. മലയാളം കമ്പ്യൂട്ടിംഗ് ചരിത്രസംക്ഷേപം എന്ന പ്രബന്ധത്തിന്റെ കർത്താവ് :

(a) കെ. എച്ച്. ഹുസൈൻ. (b) ഡോ. മഹേഷ് മംഗലാട്ട്.

(c) ഷിജു അലക്സ്. (d) സന്തോഷ് തോട്ടിങ്ങൽ.

46. ഇംഗ്ലീഷാവിഷ്ടമായ മലയാളം എന്ന പഠനഗ്രന്ഥത്തിന്റെ കർത്താവ് :

(a) സി.ജെ. ജോർജ്ജ്. (b) നടുവട്ടം ഗോപാലകൃഷ്ണൻ.

(c) പന്മന രാമചന്ദ്രൻ നായർ. (d) ഡോ. പി.എം. ഗിരീഷ്.

47. യൂനിക്കോഡ് എന്നാൽ :

(a) സർവ്വകലാശാലകളെ കുറിക്കുന്ന കോഡ്.

(b) പരീക്ഷകളിൽ മാർക്ക് നല്കുന്ന വ്യവസ്ഥ.

(c) കമ്പ്യൂട്ടറിൽ ഭാഷ കൈകാര്യം ചെയ്യാനുള്ള എൻകോഡിംഗ്.

(d) ചിത്രലിപി.

48. ചുവടെ കൊടുത്തതിൽ അടൂർ ഗോപാലകൃഷ്ണൻ സംവിധാനം ചെയ്ത സിനിമ ഏത് ?

(a) നിർമ്മാല്യം. (b) സ്വയംവരം.

(c) ഉത്തരായണം. (d) അതിഥി.

49. ലോക പൈതൃകമായി യുനെസ്കോ അംഗീകരിച്ച കേരളീയ കലാരൂപം :

(a) കഥകളി. (b) കാക്കാരിശ്ശി നാടകം.

(c) ചതുരംഗം. (d) കൂടിയാട്ടം.

50. ഒരു ദേശത്തിന്റെ കഥ എന്ന നോവലിൽ ചിത്രീകരിക്കപ്പെടുന്ന ദേശത്തിന്റെ പേരെന്ത് ?

(a) തസറാക്ക്. (b) മാനാഞ്ചിറ.

(c) വെള്ളിമാടുകുന്ന്. (d) അതിരാണിപ്പാടം.

($50 \times 1 = 50$ marks)

## Part B

ഓരോ ചോദ്യത്തിനും മൂന്ന് പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

51. സമകാലീന മലയാള ചലച്ചിത്രങ്ങൾ നായികാ-നായക സങ്കല്പങ്ങളിൽ പ്രകടമാക്കുന്ന സവിശേഷതകൾ വിവരിക്കുക.

**അല്ലെങ്കിൽ**

ഏതെങ്കിലും മലയാള സാഹിത്യകൃതിയുടെ ചലച്ചിത്രാവിഷ്കരണത്തെ വിമർശനാത്മകമായി പരിശോധിക്കുക.

52. കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയിൽ രചിക്കപ്പെട്ട ഒരു മലയാള നാടകത്തെക്കുറിച്ച് വിവരിക്കുക.

**അല്ലെങ്കിൽ**

ഒരു കലാരൂപം എന്ന നിലയിൽ നാടകം നേരിടുന്ന സൗന്ദര്യശാസ്ത്രപരമായ വെല്ലുവിളികളെക്കുറിച്ച് പ്രതിപാദിക്കുക.

53. ഭാഷ, സാഹിത്യം എന്നിവ സർവ്വകലാശാലാതലത്തിൽ പാഠ്യവിഷയമായി തുടരേണ്ടതുണ്ടോ ? അനുകൂലവും പ്രതികൂലവുമായ വാദങ്ങൾ സംഗ്രഹിക്കുക.

**അല്ലെങ്കിൽ**

ഇന്റർനെറ്റ് അധിഷ്ഠിതമായ വൈജ്ഞാനികത എത്രത്തോളം അവലംബനീയമാണ് ? ചർച്ച ചെയ്യുക.

54. രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മലയാള സാഹിത്യത്തിൽ ചെലുത്തിയ സ്വാധീനതയുടെ ഫലം വിലയിരുത്തുക.

**അല്ലെങ്കിൽ**

കല കലയ്ക്കുവേണ്ടി എന്ന സിദ്ധാന്തത്തെ വിമർശനാത്മകമായി പരിശോധിക്കുക.

55. ആധുനിക മലയാളത്തിന്റെ സൃഷ്ടിയിൽ മതപ്രചാരകരായ പുരോഹിതന്മാർ വഹിച്ച പങ്ക് വിലയിരുത്തുക.

**അല്ലെങ്കിൽ**

കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും കാലത്ത് മലയാളത്തിൽ സംഭവിച്ച വികാസ പരിണാമങ്ങൾ വിവരിക്കുക.

(5 × 10 = 50 marks)